**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 479** **03-11-2021 - ൽ മറുപടിയ്ക്ക്**

**ലൈറ്റ് മെട്രോ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നിർദ്ദിഷ്ട കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികൾക്കായി ഇ. ശ്രീധരൻ തയ്യാറാക്കിയ റിപ്പോർട്ടിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 2017-ലെ കേന്ദ്ര മെട്രോ നയത്തിന് അനുസൃതമായി ആവശ്യമായ മാറ്റങ്ങളോടെ ലൈറ്റ്മെട്രോ പദ്ധതികളുടെ വിശദ പദ്ധതി രേഖ (Detailed Project Report - DPR), Delhi Metro Rail Corporation പുതുക്കി സമർപ്പിച്ചിരുന്നു. 2021 ഫെബ്രുവരിയിൽ പ്രസ്തുത ഡി.പി.ആർ അംഗീകരിച്ച് സംസ്ഥാന സർക്കാർ പുതുക്കിയ ഭരണാനുമതി നൽകി. തുടർന്ന് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി പ്രസ്തുത ഡി.പി.ആർ കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) കേന്ദ്ര ഭവന നഗര കാര്യ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ viability വർദ്ധിപ്പിക്കുന്നതിനായി നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സഞ്ചാരപഥത്തിൽ നിന്ന് ടെക്നോപാർക്ക് ഭാഗത്തേക്ക് മെട്രോ പാത ദീർഘിപ്പിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം പൂർത്തിയായിട്ടുണ്ട്. ഇതിനുള്ള വിശദ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കാനുള്ള നടപടികൾ KRTL ആരംഭിച്ചിട്ടുണ്ട്. മെട്രോ പദ്ധതികളുടെ കാര്യക്ഷമവും സുഗമവുമായ ഏകോപനത്തിനും നടത്തിപ്പിനും ഒരു സംസ്ഥാനത്തിന് ഒരു Special Purpose Vehicle (SPV) ആയിരിക്കും അഭികാമ്യം എന്ന കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ ശിപാർശ പരിഗണിച്ചും, കേന്ദ്രസർക്കാരിന്റെ പുതുക്കിയ മെട്രോ നയങ്ങൾക്ക് അനുസൃതമായും, നിലവിലെ അലൈൻമെന്റിൽ കിഴക്കേകോട്ടയെ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുവാനും തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. ഇതിന്റെ ഭാഗമായി KMRL-ന്റെ നേതൃത്വത്തിൽ സൈറ്റ് വിസിറ്റ് നടത്തി പുതുക്കിയ സഞ്ചാരപഥം സംബന്ധിച്ച പഠനം നടത്തി വരികയാണ്. |
| (ബി) | തലസ്ഥാന മെട്രോ കടന്നുപോകുന്ന സ്ഥലങ്ങളിലെ നിർദ്ദിഷ്ട മേൽപ്പാലങ്ങൾ പദ്ധതിക്ക് തടസ്സമാകുമോയെന്ന് വ്യക്തമാക്കാമോ; ഈ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് പുരോഗതി വിശദമാക്കാമോ? | (ബി) | നിർദ്ദിഷ്ട മേൽപ്പാലങ്ങൾ ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങളുടെ ഭാഗമാണ്. മെട്രോയുടെ സാങ്കേതിക ആവശ്യങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടാണ് പ്രസ്തുത മേൽപ്പാലങ്ങൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ശ്രീകാര്യം മേൽപ്പാലത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. താമസിയാതെ നിർമ്മാണം തുടങ്ങാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. പട്ടം മേൽപ്പാലത്തിനുള്ള സ്ഥലമെടുപ്പിന്റെ ഭാഗമായി 11(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും R&R Package തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സർവേ നടപടികൾ പുരോഗമിക്കുന്നു. ഉള്ളൂർ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ അലൈൻമെന്റിനെക്കുറിച്ചുള്ള പരാതികൾ പരിഹരിച്ച് വേഗത്തിലാക്കുവാൻ ശ്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ